ഇ.ബി(4) 26250/2011

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,തീയതി : 26/07/2011

Email: keralarcs@coop.kerala.gov.in
Website : www.cooperation.kerala.gov.in

# സർക്കുലർ നമ്പർ :55/2011

വിഷയം:-സഹകരണ വകുപ്പ്-സർക്കാരിന്റെ 100ദിന കർമ്മ പരിപാടി-സഹകരണ വകുപ്പിലെ കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്

സൂചന:-(1)സർക്കാരിന്റെ 30/06/2011 ലെ 9661/എആർ14(2) /2011/ പി&എആർഡി സർക്കുലർ
(2)സർക്കുലർ നമ്പർ 48/2011

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലെ ഫയൽ തീർപ്പാക്കൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

സൂചന(2) ലെ സർക്കുലറിൽ കുടിശ്ശിക ഫയലുകളിൽ തീർപ്പാക്കിയ ഫയലുകളുടെ സ്റ്റേറ്റ്മെന്റ് ദ്വൈവാരത്തിൽ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു.

ടി റിപ്പോർട്ടിൽ ആറുമാസത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള ഫയലുകൾക്ക് പ്രത്യേക പ്രാധാന്യം നൽകി താഴെപറയും പ്രകാരം ഫയലുകൾ തീർപ്പാക്കി എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉറപ്പുവരുത്തേ ണ്ടതാണ്.

| വർഷം | ശതമാനം |
|---|---|
| 2 വർഷത്തിനു മുകളിൽ | 100% |
| 1 വർഷത്തിനും 2 വർഷത്തിനും ഇടയിൽ | 75% |
| 6 മാസത്തിനും 1 വർഷത്തിനും ഇടയിൽ | 50% |

കൂടാതെ നിശ്ചയിച്ച സമയപരിധിയ്ക്കകം തന്നെ കൃത്യമായ സ്റ്റേറ്റ്മെന്റ് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി സമർപ്പിക്കുന്നുെ ന്നും, സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുവേ ി റിപ്പോർട്ട് ആവശ്യപ്പെട്ട മുഴുവൻ

ഫയലുകളിലും 31/07/2011 നകം റിപ്പോർട്ട് രജിസ്ട്രാർക്ക് അയച്ചു കഴിഞ്ഞു എന്നും ഉറപ്പു വരുത്തേണ്ടതാണ്.

മേല്പറഞ്ഞ കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് അറിയിക്കുന്നു.

ഒപ്പ്
സഹകരണ സംഘം രജിസ്ടാർ.

1. ആഡിറ്റ് ഡയറക്ടർ,ആഡിറ്റ് ഡയറക്റ്ററേറ്റ്,തിരുവനന്തപുരം.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ടാർ/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4 എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും.
5. ജോയിന്റ് രജിസ്ടാർ (എസ്സ്.സി–എസ്സ്.റ്റി/ മാർക്കറ്റിംഗ്)
6. ഡെപ്യൂട്ടി രജിസ്ട്രാർ(അഡ്മിനിസ്ട്രേഷൻ)
7 സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
8. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
9.സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ ബി)